(ഡി) ആത്മഹത്യാകാരണങ്ങളിൽ സ്ത്രീധന പ്രശ്നങ്ങൾ, ഭർതൃപീഡനം, മറ്റു തരത്തിലുള്ള ഗാർഹിക പീഡനം, കടക്കെണി എന്നീ കാരണങ്ങളാൽ ആത്മഹത്യ ചെയ്ത സ്ത്രീകളുടെ ഓരോ വർഷത്തെയും എണ്ണം ജില്ല തിരിച്ചുള്ള കണക്കുകളിലൂടെ വിശദമാക്കുമോ;

(ഇ) സ്ത്രീധന പ്രശ്നങ്ങളിലും, ഭർതൃപീഡനത്തിലും, സ്ത്രീകൾ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യങ്ങളിൽ എത്ര കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധം ഇതോടൊപ്പം ചേർത്തിരിക്കുന്നു. †

(സി) സ്ത്രീധനപീഡനം, സ്ത്രീപീഡനം, മാനസിക പ്രശ്നങ്ങൾ, സാമ്പത്തിക പരാധീനതകൾ, ഗാർഹിക പ്രശ്നങ്ങൾ, അസുഖം, തൊഴിൽ ഇല്ലായ്മ മുതലായ കാരണങ്ങളാലാണ് സ്ത്രീകൾ ആത്മഹത്യ ചെയ്തത്.

(ഡി) 2001, 2002, 2003 വർഷങ്ങളിൽ സ്ത്രീധന പ്രശ്നങ്ങൾമൂലം 149 പേരും ഭർതൃപീഡനം മൂലം 177 പേരും മറ്റു തരത്തിലുള്ള ഗാർഹിക പീഡനം മൂലം 506 പേരും, കടക്കെണി മൂലം 82 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി 'എ' പിരിവിൽ ചേർത്തിട്ടുണ്ട്.†

(ഇ) 25 പേരെ ശിക്ഷിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം

102 [103] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ട് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും അവർ ഏതൊക്കെ ജില്ലകളിലാണെന്നും അവരുടെ കുടുംബങ്ങൾക്കുവേണ്ടി സർക്കാർ എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും അതിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ; ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സ്ത്രീപീഡനത്തെത്തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തെന്നും വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31 പേർ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	*ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം*
ആലപ്പുഴ	1
കോട്ടയം	5
തൃശ്ശൂർ	1
പാലക്കാട്	3
കാസർഗോഡ്	18
വയനാട്	3
	31

(ബി) 28,955 പേർ.

സ്ത്രീകൾ	..	7983
പുരുഷൻമാർ	..	20570
കുട്ടികൾ	..	402

(സി) 23 പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) 15,027 സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീപീഡനത്തെത്തുടർന്ന് 369 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള ആത്മഹത്യകൾ

103 [105] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് സാമ്പത്തിക പ്രയാസത്തിന്റെ പേരിലും കടബാദ്ധ്യതയുടെ പേരിലും തൊഴിൽ നഷ്ടപ്പെട്ടതിന്റെ പേരിലും എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കയർ, കശുവണ്ടി, തോട്ടം മേഖലകളിലും തൊഴിൽ നഷ്ടപ്പെട്ടതിന്റെ പേരിലും കടബാദ്ധ്യതയുടെ പേരിലും എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്;